## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 797

28.02.2018-ലെ മറുപടി

# തൃപ്പൂണിത്തുറ മേഖലയിലെ കുടിവെള്ള വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.സ്വരാജ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | തൃപ്പൂണിത്തുറ മേഖലയിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ചൂണ്ടി മുതൽ രാമമംഗലം വരെ പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ : | (എ) രാമമംഗലം മുതൽ ചൂണ്ടി വരെ പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തിയിൽ ആകെയുള്ള 5750 മീറ്ററിൽ 5334 മീറ്റർ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയുടെ കാലതാമസം ഒഴിവാക്കുന്നതിനും സമീപവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും 3 റീച്ചുകളായി തിരിച്ചാണ് പൈപ്പിടൽ പ്രവൃത്തികൾ ചെയ്തിരിക്കുന്നത്. ഇതിൽ ഒന്നും രണ്ടും റീച്ചുകൾ പൂർത്തിയാക്കി പി.ഡബ്ല്യൂ.ഡി റോഡ് വിഭാഗത്തിന് കൈമാറ്റം ചെയ്തിട്ടുണ്ട്. രണ്ടാമത്തെ റീച്ച് അതായത് ശീമാറ മുതൽ പുത്യക്ക വരെയുള്ള പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിച്ച് കൊണ്ടിരിക്കുന്നു. ഇറിഗേഷൻ കനാലിനു കുറുകെ 16 മീറ്ററും റോഡിൽ 400 മീറ്ററും പൈപ്പിടാനുണ്ട്. ആയത് പുരോഗമിക്കുന്നു. |
| (ബി) | ഈ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ; | (ബി) 2018 മാർച്ച് 31 നകം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിനോട് ചേർന്നുള്ള പമ്പ് ഹൗസിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു എന്ന് അറിയിക്കുമോ ; | (സി) ഈ പദ്ധതിയുടെ മൂന്ന് പമ്പ് ഹൗസുകളിലും നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>(1) റോ വാട്ടർ പമ്പ് ഹൗസ് രാമമംഗലം- 350 എച്ച്.പി ശേഷിയുള്ള പുതിയ രണ്ട് പമ്പ് സെറ്റുകളും മോട്ടോറും സ്ഥാപിക്കൽ പ്രവൃത്തികൾ നടന്നു വരുന്നു. പുതിയ ഹെഡർ പൈപ്പ് സ്ഥാപിച്ച് കൊണ്ടിരിക്കുന്നു.<br><br>(2) ക്ലിയർ വാട്ടർ പമ്പ് ഹൗസ് ചൂണ്ടി- 315 എച്ച്.പി ശേഷിയുള്ള മൂന്ന് പുതിയ പമ്പ് സെറ്റുകളും |

മോട്ടോറുകളും സ്ഥാപിച്ച് കൊണ്ടിരിക്കുന്നു. ഇതിൽ ഒരെണ്ണം പൂർണ്ണമായും സ്ഥാപിച്ചിട്ടുണ്ട്. പുതിയ 750 കെ.വി എ ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(3) <u>ക്ലിയർ വാട്ടർ പമ്പ് ഹൗസ് കരിങ്ങാച്ചി</u> - പുതിയ 75 എച്ച്.പി ശേഷിയുള്ള മൂന്നും, 100 എച്ച് പി ശേഷിയുള്ള മൂന്നും പമ്പ് സെറ്റുകളും മോട്ടോറുകളും സ്ഥാപിക്കൽ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) ഈ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

(ഡി) 2018 മാർച്ച് 31 ഓടെ പൂർത്തീകരിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ